# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 469 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. - സംസ്ഥാന വരുമാനത്തിലുണ്ടാക്കിയ മാറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം നികുതി വരുമാനത്തിലുണ്ടായ മാറ്റങ്ങൾ വിശദീകരിക്കാമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (ബി) | മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പാക്കിയതു വഴി ജനങ്ങൾക്കുണ്ടായ പ്രയാസങ്ങളും സാധനങ്ങളുടെ ക്രമാതീതമായ വിലവർധനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജി.എസ്.ടി നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാനുണ്ടായ കാലവിളംബം തുടക്കഘട്ടത്തിൽ ചില അവ്യക്തതകൾക്കു കാരണമായി. ഇത് ഇന്ത്യയൊട്ടുക്കുള്ള സ്ഥിതിയാണ്. എന്നാലും മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ വീഴ്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി.എൻ ന്റെ ഓൺലൈൻ പ്രവർത്തനം പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലവിലുണ്ട്. |
| (സി) | എങ്കിൽ ജി.എസ്.ടി. യുടെ പേരിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കുവാനും ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (സി) | ജി.എസ്.ടി നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti- Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകു ന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് |

| | | | |
|---|---|---|---|
| | | | ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനു വേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്കു ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശുപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജി.എസ്.ടി. നടപ്പാക്കിയത് മൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദീകരിക്കാമോ? | (ഡി) | ജി.എസ്.ടി 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾ ജൂലൈ മാസത്തെ പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി സെപ്തംബർ 10 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ നികുതി വരുമാനത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാവുകയുള്ളൂ. ജി.എസ്.ടി യുടെ പൂർണ്ണമായ ഗുണഫലങ്ങൾ അടുത്ത മൂന്നു മാസത്തിനുള്ളിലേ ലഭ്യമാകുകയുള്ളൂ എന്നാണ് കണക്കാക്ക പ്പെടുന്നത്. |

**സെക്ഷൻ ഓഫീസർ**